
# ജീവിതം തന്നെ പ്രസ്ഥാനമായിരുന്ന കെ.ടി. അഹ്മദ് മൗലവി

**കുറ്റ്യാടിക്കടുത്ത** വേളം ശാന്തിനഗര്‍ എന്ന ഞങ്ങളുടെ ഗ്രാമം ജമാഅത്തെ ഇസ്‌ലാമിക്ക് ആരംഭകാലം മുതലേ വേരോട്ടമുള്ള പ്രദേശങ്ങളിലൊന്നാണ്. ഈ വേരോട്ടത്തിലും ആ വേരുകളില്‍ എന്നും നനവ് നിലനിര്‍ത്തുന്നതിലും ഏറെ പങ്കുവഹിച്ച, ഒരു ഗ്രാമത്തിന്റെ മുഴുവന്‍ ഉസ്താദായിരുന്നു ഇക്കഴിഞ്ഞ ഡിസംബര്‍ 7 വ്യാഴാഴ്ച രാത്രി അന്തരിച്ച ജമാഅത്തെ ഇസ്‌ലാമി വേളം പ്രാദേശിക അമീര്‍ കെ.ടി. അഹ്മദ് മൗലവി - *ഇന്നാ ലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊന്‍.*

യാഥാസ്ഥിതിക ചുറ്റുപാടില്‍ വളരുകയും അതിന്റെ എതിര്‍പ്പുകളെ അതിജീവിക്കുകയും ചെയ്ത, ത്യാഗത്തിന്റെ ഭൂതകാലമുള്ള ഒരു പഴയകാല പ്രവര്‍ത്തകനായിരുന്നു കെ.ടി. എല്ലാ വര്‍ഷവും വീട്ടില്‍ പിതാവ് മൗലിദ് ആഘോഷിക്കുമായിരുന്നു. ഒരു മൗലിദിന്റെ പിറ്റേദിവസം തന്നെ അടുത്ത മൗലിദിന് അറുക്കാനുള്ള കോഴിയെ വാങ്ങിയിടാറായിരുന്നു പിതാവിന്റെ പതിവ്. അത്ര കണിശതയില്‍ നടത്തപ്പെട്ടിരുന്ന ഒറ്റ മൗലിദിലും അദ്ദേഹം പങ്കെടുത്തിരുന്നില്ല. മൗലിദിന്റെ അന്ന് വീട്ടില്‍നിന്ന് മാറിനില്‍ക്കും. അന്നത്തെ ഭക്ഷണം പോലും കഴിക്കാതിരിക്കാനുള്ള കരുതലായിരുന്നു അത്. പിതാവില്‍നിന്ന് ആദ്യകാലത്തുണ്ടായിരുന്ന സാമാന്യം രൂക്ഷമായ എതിര്‍പ്പുകള്‍ പിന്നീട് ഇല്ലാതാവുകയും മകന്റെ ജമാഅത്ത് പ്രവര്‍ത്തനങ്ങളോട് അദ്ദേഹം സഹിഷ്ണുവും സഹകാരിയുമാവുകയാണുണ്ടായത്.

മതാധ്യാപനം അദ്ദേഹത്തിന് പിതാവില്‍നിന്ന് പൈതൃകമായി കിട്ടിയ തൊഴിലും സര്‍ഗസിദ്ധിയുമായിരുന്നു. ജമാഅത്തെ ഇസ്‌ലാമിയോട് അതിതീവ്രമായ പ്രതിബദ്ധത പുലര്‍ത്തിയ ഒരു സജീവ പ്രവര്‍ത്തകന്‍ എന്നതിനൊപ്പം സമര്‍ഥനായ ഒരു മദ്‌റസാധ്യാപകന്‍ എന്നതും അദ്ദേഹത്തിന്റെ അടയാളമുദ്രയായിരുന്നു. കേരളത്തിലെ ആദ്യത്തെ 'പെണ്‍കുട്ടികളുടെ മതപാഠശാല'യായ ശാന്തിനഗറിലെ മദ്‌റസത്തുല്‍ ബനാത്തിലും പിന്നീടത് അല്‍ മദ്‌റസത്തുല്‍ ഇസ്‌ലാമിയയായപ്പോള്‍ അതിലും അധ്യാപനം നടത്തിയതായിരിക്കും കെ.ടിയുടെ ജീവചരിത്രത്തിലെ ഏറെ നീണ്ട ഏട്. ഈ സ്ഥാപനങ്ങളുടെ നിര്‍മാണത്തിലും വളര്‍ച്ചയിലും അദ്ദേഹത്തിന് അനല്‍പമായ പങ്കാണുള്ളത്. ഏറ്റവും അവസാനം, മദ്‌റസത്തുല്‍ ബനാത്ത് കെട്ടിടം പുതുക്കിപ്പണിയാനുള്ള പ്രവര്‍ത്തനങ്ങള്‍ക്ക് ഖത്തര്‍ സന്ദര്‍ശനത്തിലൂടെ തുടക്കം കുറിച്ചത് അദ്ദേഹമായിരുന്നു. മദ്‌റസാധ്യാപനവും നാട്ടിലെ പള്ളികളിലെ ഖുത്ബാ നിര്‍വഹണങ്ങളും വിനയത്തില്‍ പെരുമാറുന്ന സ്വഭാവ വൈശിഷ്ട്യവും കൊണ്ട് ഒരു കേവല സംഘടനാ പ്രവര്‍ത്തകന്‍ എന്നതിനപ്പുറത്തെ ഒരു പൊതുതലം കെ.ടി സൃഷ്ടിച്ചെടുത്തിരുന്നു. മുസ്‌ലിം സമൂഹത്തിലെ എല്ലാ വിഭാഗത്തിലും പെട്ടവര്‍ തന്റെ ശിഷ്യന്മാരായി ഉണ്ട് എന്നത് അദ്ദേഹത്തിന്റെ വലിയ മൂലധനമായിരുന്നു. പൊതുസമൂഹത്തിലും പെട്ട ധാരാളം പേര്‍ക്ക് അദ്ദേഹം ഗുരുതുല്യനായിരുന്നു.



ഒരു മദ്‌റസാധ്യാപകന്റെ തുഛ വരുമാനംകൊണ്ട് 'ബര്‍കത്തോ'ടുകൂടി ജീവിച്ചുവെന്നത് അദ്ദേഹത്തെക്കുറിച്ച ഓര്‍മയില്‍ എടുത്തുപറയേണ്ട കാര്യമാണ്. ചില ഭൗതികാനുഗ്രഹങ്ങള്‍ പിന്നീട് വന്നു ചേര്‍ന്നപ്പോഴും അദ്ദേഹത്തിന്റെ ജീവിതസമീപനം തികഞ്ഞ എളിമയുടേതായിരുന്നു.

ശാഠ്യബുദ്ധിയോടുകൂടി അദ്ദേഹം സംഘടിപ്പിക്കുകയും നിര്‍വഹിക്കുകയും ചെയ്തുപോന്ന മറ്റൊരു ഇസ്‌ലാമിക പ്രവര്‍ത്തനം ജമാഅത്ത് നമസ്കാരമായിരുന്നു. ജമാഅത്ത് നമസ്കാരം മാത്രമല്ല, ഇഅ്തികാഫ്, ഈദ്ഗാഹ്, പെരുന്നാള്‍ ദിനങ്ങളിലെ തക്ബീര്‍ മുഴക്കങ്ങള്‍, ഉദ്ഹിയ്യത്ത്, ഫിത്ര്‍ സകാത്ത് തുടങ്ങി അല്ലാഹുവിന്റെ അടയാളങ്ങളുടെ എല്ലാ ഇടങ്ങളിലും കെ.ടി ഞങ്ങളില്‍ ഒന്നാമനായിരുന്നു, ഞങ്ങളുടെ നേതാവായിരുന്നു. അനാരോഗ്യത്തെ അവഗണിച്ച് കഴിഞ്ഞ റമദാനിലും അദ്ദേഹം ഇഅ്തികാഫ് ഇരുന്നു. അദ്ദേഹത്തിന്റെ തഹജ്ജുദ് നമസ്കാരത്തിന്റെ ശബ്ദം കേട്ടാണ് പള്ളിയിലെ മറ്റുള്ളവര്‍ ഉണരാറെന്ന് പള്ളി ഇമാം പറയാറുണ്ടായിരുന്നു. സംഘടനാ പ്രവര്‍ത്തനങ്ങളും മതാനുഷ്ഠാനങ്ങളും അദ്ദേഹത്തിന് വേറിട്ട വിഷയങ്ങളായിരുന്നില്ല. ഇതേ വ്രതനിഷ്ഠയോടെ അദ്ദേഹം സ്കോഡിനും വാരാന്ത യോഗത്തിനും മറ്റ് പരിപാടികള്‍ക്കും എന്നുമുണ്ടായിരുന്നു. നെഞ്ചുവേദന അനുഭവപ്പെട്ട് ആശുപത്രിയിലേക്ക് കൊണ്ടുപോയതിന്റെ ഒരുദിവസം മുമ്പ് നടന്ന ഹാജിമാര്‍ക്കുള്ള യാത്രയയപ്പ് യോഗം നിയന്ത്രിച്ചത് അദ്ദേഹമായിരുന്നു.

ഇസ്‌ലാമിക പ്രവര്‍ത്തനം എങ്ങനെയാണ് ഇസ്‌ലാമിക ജീവിതം തന്നെയാവുന്നത് എന്നതാണ് കെ.ടി ജീവിതം കൊണ്ട് പറഞ്ഞുവെച്ചത്. രോഗികളെ സന്ദര്‍ശിക്കല്‍, കുടുംബബന്ധം കാക്കല്‍ മുതലായ തീയതിയും സമയവും പ്രസ്ഥാനം നിശ്ചയിച്ചുതരാത്ത ജൈവികമായ ഇസ്‌ലാമിക പ്രവര്‍ത്തനങ്ങളില്‍ അദ്ദേഹം എന്നും ഏറെ മുന്നില്‍ നടന്നുപോയിരുന്നു. ഹല്‍ഖാ യോഗത്തിന്റെ നോട്ടുപുസ്തകങ്ങളില്‍ ഒതുക്കാന്‍ കഴിയുന്നതിനപ്പുറത്തായിരുന്നു കെ.ടിക്ക് ജമാഅത്ത് പ്രവര്‍ത്തനം. അദ്ദേഹത്തിന്റെ മരണത്തിന് ഏതാനും ദിവസങ്ങള്‍ക്കു ശേഷം ഹല്‍ഖാ അമീര്‍ ആരിഫലി സാഹിബിന്റെ സാന്നിധ്യത്തില്‍ നാട്ടിലെ പ്രസ്ഥാനപ്രവര്‍ത്തകരും ബന്ധുക്കളും അദ്ദേഹത്തിന്റെ വീട്ടുമുറ്റത്ത് ഒരുമിച്ചിരുന്നപ്പോള്‍ പലര്‍ക്കും പറയാനുണ്ടായിരുന്നത് കെ.ടിയുടെ പ്രസ്ഥാന പ്രവര്‍ത്തനങ്ങളിലെ സാങ്കേതികതക്കപ്പുറത്തെ ഈ സ്വാഭാവികതയെ കുറിച്ചായിരുന്നു. ഒരു പ്രവര്‍ത്തകന്‍ നിര്‍ജീവമാണെന്ന് തോന്നിയാല്‍ അടുത്ത ഹല്‍ഖാ യോഗത്തിന് കാത്തുനില്‍ക്കാതെ അയാളെക്കണ്ട് സംസാരിച്ച് സജീവമാക്കാന്‍ വളരെയധികം ശ്രദ്ധിക്കുമായിരുന്നു.

വേളം ശാന്തിനഗറിന്റെ ഹൃദയഭാഗത്ത് അറുപതുകളുടെ ആരംഭം മുതലേ ജമാഅത്തിന് ഓഫീസുണ്ടായിരുന്നു. അത് സംഘടനയുടെ ഔപചാരിക ആസ്ഥാനമായിരുന്നു. എന്നാല്‍ നാട്ടിലെ ജമാഅത്തിന്റെ അനൗപചാരിക ആസ്ഥാനം എന്നും കെ.ടിയുടെ കൊരട്ടിയത്ത് വീടായിരുന്നു. ആ വീടിന്റെ ആതിഥ്യമനുഭവിക്കാത്ത ജമാഅത്ത് പ്രസംഗകരും നേതാക്കളും കേരളത്തില്‍ കുറവായിരിക്കും.

കേരളത്തിലെ എല്ലാ ഇസ്‌ലാമിയാ കോളേജുകളിലും വേളത്തുകാരുടെ ഒരു വലിയ ബ്ലോക്ക് കുറേകാലമായി ഉണ്ടായിപ്പോന്നിട്ടുണ്ട്. ഇതിന്റെ പിന്നിലെ മുന്‍കൈ അദ്ദേഹത്തിന്റേതായിരുന്നു എന്നു മാത്രമ

ല്ല, അദ്ദേഹത്തിന്റെ പരിപാലനത്തിനും പരിലാളനക്കും ഏറെ പാത്രമായ തന്റെ ആദർശപുത്രന്മാർ തന്നെയായിരുന്നു അദ്ദേഹത്തിനെന്നുമവർ.

കുറേ നല്ല മനുഷ്യരുടെ മാത്രമല്ല ഒരു നല്ല ഇസ്‌ലാമിക കുടുംബത്തിന്റെയും രചയിതാവായിരുന്നു സ്മര്യപുരുഷൻ. വേളത്ത് ഒരു കുടുംബയോഗം നടന്നാൽ അദ്ദേഹത്തിന്റെ വീട് അടക്കേണ്ടിവരുമായിരുന്നു. സജീവമായ പൊതുപ്രവർത്തനങ്ങൾക്കിടയിലും വീട് ഒരിക്കലും അദ്ദേഹത്തിന് നഷ്ടപ്പെട്ടുപോയിരുന്നില്ല. തന്റെ എല്ലാ മക്കളെയും പ്രസ്ഥാനത്തിന്റെ സജീവ പ്രവർത്തകരാക്കി വളർത്തി എന്നതുതന്നെയായിരിക്കും അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സഫലത. മരണശേഷം ശാന്തിനഗറിൽ ചേർന്ന അനുശോചന യോഗത്തിൽ കക്ഷിഭേദമന്യേ പലർക്കും പറയാനുണ്ടായിരുന്നത് കെ.ടിയുടെ നീണ്ടുനിൽക്കുന്ന ഈ 'സ്വദഖ'യെ കുറിച്ചായിരുന്നു. മൂത്ത മകൾ സാറ പന്തിരിക്കര വനിതാ ഹൽഖാ നാസിമത്താണ്. മകൻ അബ്ദുല്ല ഏതാനും മാസങ്ങൾക്കു മുമ്പ് വിദേശത്തേക്ക് പോകുന്നതുവരെ സോളിഡാരിറ്റി ജില്ലാ കമ്മിറ്റിയംഗം, ഏരിയാ പ്രസിഡന്റ്, ജ. ഇ ഏരിയാ അസി. ഓർഗനൈസർ എന്നീ ഉത്തരവാദിത്വങ്ങൾ വഹിക്കുകയായിരുന്നു. ഇപ്പോൾ ഖത്തറിലെ ഇന്ത്യൻ ഇസ്‌ലാമിക് അസോസിയേഷൻ അംഗമാണ്. മൂന്നാമത്തെ മകൻ ശരീഫ് പ്രാദേശിക ഹൽഖാ സെക്രട്ടറി. നാലാമത്തെ മകൻ അബ്ദുർറഹ്മാൻ ഖത്തർ ഇസ്‌ലാമിക് യൂത്ത് അസോസിയേഷൻ പ്രസിഡന്റും ഇളയ മകൻ മുബാറക് എസ്.ഐ.ഒ സംസ്ഥാന ശൂറാ അംഗവും കോഴിക്കോട് നോർത്ത് ജില്ലാ പ്രസിഡന്റുമാണ്. ഭാര്യ ഫാത്വിമ ശാന്തിനഗർ വനിതാ ഹൽഖയിൽ പ്രവർത്തിക്കുന്നു.

നമ്മുടെ പ്രവർത്തനങ്ങളിൽ ഇനി കെ.ടി ഇല്ലെങ്കിലും നമ്മുടെ പ്രാർഥനകളിൽ എന്നും അദ്ദേഹം ഉണ്ടാകും. ശേഷിക്കുന്നവർക്ക് പകർത്താൻ കുറേ അടയാളങ്ങൾ ഇട്ടേച്ചുകൊണ്ടാണ് അദ്ദേഹം നമ്മെ വിട്ടുപോയത്. അല്ലാഹു അദ്ദേഹത്തിന്റെ നന്മകൾ ഇരട്ടിപ്പിച്ചുകൊടുക്കുകയും തെറ്റുകൾ മായ്ച്ചുകൊടുക്കുകയും ചെയ്യുമാറാകട്ടെ, ആമീൻ

**ടി. മുഹമ്മദ് വേളം**

# കെ.കെ ഇബ്റാഹീം മാസ്റ്റർ



ഉറ്റവരും ഉടയവരും ഒന്നൊന്നായി വേർപിരിയുമ്പോഴും ചില വേർപാടുകളെ ഉൾക്കൊള്ളാൻ മനസ്സ് വിസമ്മതിക്കുന്നു.

'ഒന്നിൽനിന്ന് വിരമിക്കുമ്പോൾ മറ്റൊന്നിൽ വ്യാപൃതരായി' സദാ കർമനിരതരായിക്കഴിയുന്ന ആളുകളുടെ ധന്യമായ ജീവിതം എന്നും നമ്മുടെ കൺമുന്നിൽ തെളിഞ്ഞുനിൽക്കും. പത്തിരിപ്പാലയിലെ ജമാഅത്തെ ഇസ്‌ലാമി സംസ്ഥാന പ്രവർത്തക സംഗമവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഹൽഖാ ഓഫീസിൽ വിളിച്ച് തിരിച്ചുപോകവെ ജനുവരി 15-ന് തന്റെ ബൈക്കിൽ ബസ്സിടിച്ച് മരിച്ച വടകര ഏരിയാ ഓർഗനൈസർ കെ.കെ. ഇബ്റാഹീം മാസ്റ്റർ ഇക്കൂട്ടത്തിൽപെടുന്നു. തൊട്ടുമുമ്പ് നടന്ന ജില്ലാസമിതി യോഗത്തിലും പിറ്റേന്നാൾ മലർവാടി ബാലസമ്മേളനത്തിലും ആദ്യന്തം അദ്ദേഹത്തിന്റെ സജീവസാന്നിധ്യമുണ്ടായിരുന്നു. തന്റെ ജോലിത്തിരക്കുകൾക്കിടയിലും ജില്ലാ സമ്മേളനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നു അദ്ദേഹം.

'70-കളുടെ തുടക്കത്തിൽ അൽപകാലം വടകര താലൂക്ക് എം.എസ്.എഫിന്റെ സാരഥ്യം വഹിക്കവെയാണ് ഈ കുറിപ്പുകാരൻ താലൂക്കിലെതന്നെ സജീവ എം.എസ്.എഫ് പ്രവർത്തകനായ കെ.കെ ഇബ്റാഹീമുമായി ബന്ധപ്പെടുന്നത്. തുടർജീവിതത്തിൽ ഇസ്‌ലാമിക പ്രസ്ഥാനത്തിലാകൃഷ്ടനായ ഈയുള്ളവൻ ഗൾഫിലേക്ക് പോവുകയും ചെയ്തു. നാട്ടിൽ അധ്യാപനവൃത്തി സ്വീകരിച്ച് പഴയ പ്രവർത്തനമേഖലയിൽതന്നെ നിലയുറപ്പിച്ചപ്പോഴും കെ.കെ പഴയ സൗഹൃദം അഭംഗുരം നിലനിർത്തി. ഇരുപതാം വയസ്സിൽ കുന്നുമ്മക്കര മദ്റസാ കമ്മിറ്റി സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടിരുന്നുവെന്നത് സ്വന്തം നാട്ടിൽ അദ്ദേഹം നേടിയ അംഗീകാരത്തിന് തെളിവാണ്.

പിൽക്കാലത്ത് കുറച്ചുകാലം സ്കൂളിൽനിന്ന് അവധിയെടുത്ത് ബഹ്റൈനിൽ കഴിയവെയാണ് ആയഞ്ചേരിയിലെ എം.പി കുഞ്ഞഹമ്മദ് മൗലവി മുഖേന കെ.കെ പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. ഒന്നര പതിറ്റാണ്ട് നീണ്ട പ്രവാസജീവിതം അവസാനിപ്പിച്ച് നാട്ടിൽ തിരിച്ചെത്തുമ്പോൾ കെ.കെ സജീവ പ്രസ്ഥാന പ്രവർത്തകനായി മാറിക്കഴിഞ്ഞിരുന്നു. അന്ന് ജമാഅത്തെ ഇസ്‌ലാമി വടകര ഏരിയാ ഓർഗനൈസറായ സി.കെ. അബ്ദുല്ല മാസ്റ്ററുമായുള്ള വ്യക്തിബന്ധം അദ്ദേഹത്തിന്റെ പ്രാസ്ഥാനിക ബോധത്തിന് ശക്തിപകർന്നു. വീട്ടിൽനിന്ന് പത്തു കിലോമീറ്റർ അകലെയുള്ള എടച്ചേരി ഹൽഖയിൽ കാർകുനായി പ്രവർത്തനമാരംഭിച്ച അദ്ദേഹം, പിന്നീട് എടച്ചേരി ഹൽഖ, എടച്ചേരി-ഓർക്കാട്ടേരി ഹൽഖകളായി മാറിയപ്പോൾ ഓർക്കാട്ടേരിയിലേക്ക് മാറി. 2006-ൽ ജമാഅത്തെ ഇസ്‌ലാമി അംഗമായ അദ്ദേഹം ഈ മീഖാത്തിൽ വടകര ഏരിയാ ഓർഗനൈസറായി നിയമിക്കപ്പെട്ടു. ഏരിയയുടെ വിവിധ ഭാഗങ്ങളിൽ ഒട്ടേറെ ആളുകളെ പ്രസ്ഥാനത്തിലേക്ക് ആകർഷിക്കാനും പുതിയ ഹൽഖകൾ രൂപീകരിക്കാനും ചുരുങ്ങിയ കാലത്തെ പ്രവർത്തനങ്ങൾ കൊണ്ട് അദ്ദേഹത്തിന് സാധിച്ചു. ആരെയും ആകർഷിക്കുന്ന പെരുമാറ്റവും ഹൃദ്യമായ സംസാര ശൈലിയുമായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ കൈമുതൽ. ഐ.ആർ.ഡബ്ലിയു അംഗമായും ഏറെക്കാലം അദ്ദേഹം പ്രവർത്തിച്ചു.

കുടുംബത്തെ പ്രാസ്ഥാനികവത്കരിക്കുന്നതിലും കെ.കെ വിജയിച്ചു. പ്രസ്ഥാനത്തിന്റെ അനുഭാവിയാണ് ഭാര്യ. മൂത്തമകൻ അയ്യൂബ് സോളിഡാരിറ്റി പ്രവർത്തകനാണ്. പെരുമ്പിലാവ് അൻസാറിലെ പത്താംതരം വിദ്യാർഥി തസ്വീഹും ചേന്ദമംഗല്ലൂർ ഇസ്‌ലാഹിയയിലെ എട്ടാം ക്ലാസ് വിദ്യാർഥി സുഹൈലും എസ്.ഐ.ഒ പ്രവർത്തകർ. ജാമാതാക്കളായ ഡോ. നാസിർ (എ.ആർ നഗർ), സിറാജ് ബേപ്പൂർ എന്നിവരും പ്രസ്ഥാനത്തിന്റെ അനുഭാവികളും പ്രവർത്തകരുമാണ്.

അല്ലാഹു അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുക്കുകയും അദ്ദേഹം വെട്ടിത്തെളിച്ച വഴിയിൽ ഉറച്ചുനിൽക്കാൻ അദ്ദേഹത്തിന്റെ കുടുംബത്തെയും നമ്മെയും അനുഗ്രഹിക്കുകയും നാമേവരെയും സ്വർഗത്തിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യുമാറാകട്ടെ-ആമീൻ.

**അബ്ദുർറഹ്മാൻ, എടച്ചേരി**